ടൂറിസം പദ്ധതികളുടെ പുരോഗതി

86 (132) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നടപ്പിലാക്കിവരുന്നതും ലക്ഷ്യമിട്ടിട്ടുള്ളതുമായ ടൂറിസം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ടൂറിസത്തിന് കയറ്റുമതി വ്യവസായപദവി പ്രഖ്യാപിച്ചുകൊണ്ടുള്ള കേന്ദ്രതീരുമാനം സംസ്ഥാനത്തിന് എങ്ങനെ പ്രയോജനകരമായിതീർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രജിസ്ട്രേഷൻ ഓഫ് ടൂറിസ്റ്റ് ട്രേഡ് ആക്ട് നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനം നടപ്പിലാക്കിവരുന്നതും ലക്ഷ്യമിട്ടിട്ടുള്ളതുമായ വിവിധ ടൂറിസം പദ്ധതികളുടെ വിവരങ്ങളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു.

1. പത്തനംതിട്ട ജില്ലയിൽ ഒരു പുതിയ അതിഥിമന്ദിരത്തിന്റെ പണി ഫെബ്രുവരി 2000-ത്തിൽ പൂർത്തിയാകത്തക്കരീതിയിൽ പുരോഗമിക്കുന്നു.
2. ആലപ്പുഴയിൽ മാർച്ച് 2000-ൽ പൂർത്തിയാകത്തക്കവിധത്തിൽ ഒരു അതിഥിമന്ദിരനിർമ്മാണം നടക്കുന്നു.
3. പാലക്കാട് ജില്ലയിൽ ഒരു അതിഥിമന്ദിരത്തിന്റെ നിർമ്മാണം ഡിസംബർ 2000-ൽ പൂർത്തിയാകും.
4. മുംബൈയിൽ ഒരു കേരളാഹൗസിന്റെ നിർമ്മാണം ആരംഭിച്ചു.
5. എറണാകുളത്ത് അഡീഷണൽ ഗസ്റ്റ്ഹൗസിന്റെ നിർമ്മാണം പ്രാരംഭദിശയിലാണ്.
6. വേളിയുടെ വികസനത്തിന്റെ ഭാഗമായി 14 ഏക്കർ സ്ഥലം ടൂറിസം വകുപ്പ് വിവിധ പദ്ധതികൾക്കായി ഏറ്റെടുത്തു. അമ്യൂസ്മെന്റ് പാർക്കിന് സ്ഥലം നൽകാൻ തീരുമാനമായി. ഓഷനേറിയം, ടോയ്ട്രെയിൻ തുടങ്ങിയ പദ്ധതികൾ ഉടനേ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.
7. പൊൻമുടിയുടെ വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു ടൂറിസ്റ്റ് കോംപ്ലക്സും പഴയ പാലസിന്റെ നവീകരണവും ഉദ്ദേശിക്കുന്നു.
8. ടൂറിസം രംഗത്ത് സ്വകാര്യമേഖലയിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനായി വിവിധ തരത്തിലുള്ള ഇളവുകൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9. 'ഡെസ്റ്റിനേഷൻ കേരള'യുടെ ഭാഗമായി വയനാട്, ഇടുക്കി ജില്ലകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

10. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പാ-കുട്ടനാട് ഏരിയയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തിരുവനന്തപുരം-കൊല്ലം വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ്ബോട്ട് ഏർപ്പെടുത്തുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. വടക്കൻ കേരളത്തിൽ ഹൗസ്ബോട്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

11. കോവളം, വേളി, ശംഖുമുഖം, പൊൻമുടി എന്നിവിടങ്ങളിൽ മാലിന്യ ദൂരീകരണത്തിനായി ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തു.

12. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ആതിരപ്പള്ളിയിൽ ഒരു ടൂറിസ്റ്റ് റിസോർട്ടിന്റെ നിർമ്മാണവും സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ ദീപാലങ്കാരവും പൂർത്തിയായി. ഇതുകൂടാതെ പരവൂരിൽ ഒരു ബീച്ചുറിസോർട്ടിന്റേയും ചങ്ങനാശ്ശേരിയിൽ ഒരു ടൂറിസ്റ്റു റിസോർട്ടിന്റെയും നിർമ്മാണം പൂർത്തിയായി. മലയാറ്റൂർ, പീരുമേട് എന്നിവിടങ്ങളിൽ ഓരോ യാത്രിനിവാസിന്റെ നിർമ്മാണം ഉടനെ പൂർത്തിയാകും. മറ്റു പദ്ധതികളും അവ പൂർത്തിയാകുന്ന സമയവും താഴെ പറയുന്നു.

ആറൻമുള ഒരു വാട്ടർ സൈഡ് അമിനിറ്റി	-	ജനുവരി 2000
കായംകുളത്ത് ഒരു വാട്ടർ സൈജ് അമിനിറ്റി	-	മാർച്ച് 2000
ആലുകടവിൽ ഒരു വാട്ടർ സൈഡ് അമിനിറ്റി	-	മാർച്ച് 2000
യാത്രിനിവാസ്, കോഴിക്കോട്	-	ആഗസ്റ്റ് 2000
ടൂറിസ്റ്റ് ലോഡ്ജ്, ഗുരുവായൂർ	-	ആഗസ്റ്റ് 2000
യാത്രിനിവാസ് നെല്ലിയാംപതി	-	ആഗസ്റ്റ് 2000
ടൂറിസ്റ്റ് കോംപ്ലക്സ് (പൊൻമുടി)	-	ഡിസംബർ 2000
യാത്രിനിവാസ് തിരുനെല്ലി	-	ഡിസംബർ 2000
ശബരിമലയിൽ തീർത്ഥാടന സൗകര്യം	-	ഡിസംബർ 2000
അഷ്ടമുടിയിൽ ഒരു വാട്ടർ സ്പോർട്സ് കോംപ്ലക്സ്	-	ഡിസംബർ 2000
യാത്രിനിവാസ്, കൊണ്ടോട്ടി	-	ഒക്ടോബർ 2000
പ്രധാന റോഡുകളിലും കായൽ തീരങ്ങളിലും സൈനേജ് സിസ്റ്റം	-	മാർച്ച് 2000
ബോട്ട് ടെർമിനൽ ആലപ്പുഴ	-	ഡിസംബർ 2000
തണ്ണീർമുഖത്തും, കുമരകത്തും ഓരോ ബോട്ട് ടെർമിനൽ	-	ഡിസംബർ 2000
കാലടിയിൽ ഒരു ടൂറിസ്റ്റ് കോംപ്ലക്സ്	-	ഡിസംബർ 2000

LIBRARY ARCHIVES Kerala Legislative Assembly

വെസൈഡ് കഫറ്റേരിയ, അടൂർ - ഒക്ടോബർ 2000

13. ബേക്കലിൽ റിസോർട്ടുകൾ നിർമ്മിക്കുന്നതിനും ബീച്ചുകളുടെയും അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനുമായി ഇതുവരെ 207 ഏക്കർ സ്ഥലം ഏറ്റെടുത്തു. ശുദ്ധജലവിതരണത്തിനായി 7m/d കപ്പാസിറ്റിയുള്ള ഒരു പദ്ധതി പ്രാരംഭദിശയിലാണ്. ഗതാഗതസൗകര്യം മെച്ചപ്പെടുത്താനായി തെരഞ്ഞെടുത്ത റോഡുകളുടെ വികസനത്തിന് പഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നുണ്ട്. ചേറ്റുകുണ്ടിൽ റെയിൽവേക്രോസ് നിർമ്മിക്കാൻ റെയിൽവേയുമായി കരാർ ഉണ്ടാക്കി. പള്ളിക്കര ബീച്ചിന്റെ വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കിവരുന്നു. 1998 മേയ്മാസം മുതൽ അക്വാപാർക്ക് പ്രവർത്തനം ആരംഭിച്ചു. ബേക്കൽകോട്ട സന്ദർശിക്കുന്നവർക്കുവേണ്ടി 'തണൽ' എന്ന പേരിൽ വിശ്രമകേന്ദ്രം സജ്ജമാക്കിയിട്ടുണ്ട്. സമീപസ്ഥലങ്ങളായ ചന്ദ്രഗിരി, റാണിപുരം എന്നിവയുടെ ടൂറിസം വികസനത്തിനായി പദ്ധതികൾ നടപ്പാക്കിവരുന്നു.

14. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി. മൂന്നാറിൽ 4 സ്റ്റാർ സൗകര്യങ്ങളുള്ള ഹോട്ടൽ പ്രോജക്ട് ആരംഭിച്ചുകഴിഞ്ഞു. ബോൾഗാട്ടി പാലസ് ഹോട്ടലിന്റെ നവീകരണവും കുമരകത്തെ റിസോർട്ടുകളുടെ നിർമ്മാണവും അന്തിമഘട്ടത്തിലാണ്. മസ്ക്കറ്റ് ഹോട്ടൽ '5 സ്റ്റാർ ഡീലക്സ്' ഹോട്ടലായി ഉയർത്തുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ചെന്നൈയിലെ ഹോട്ടൽ പ്രോജക്ടിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

15. പാതിരാമണലിൽ അന്താരാഷ്ട്ര നിലവാരമുള്ള എക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

16. തെന്മല എക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള വിവിധ പദ്ധതികളും പുരോഗതിയിലാണ്.

(ബി) ടൂറിസത്തിന് കയറ്റുമതി വ്യവസായപദവി പ്രഖ്യാപിച്ചുകൊണ്ടുള്ള കേന്ദ്രതീരുമാനംമൂലം പ്രയോജനം ലഭിക്കുക വൻകിട ഹോട്ടൽ സംരംഭകർക്കാണ്. ഈ തീരുമാനംകൊണ്ട് സംസ്ഥാനത്തെ ടൂറിസം രംഗത്തെ ബഹുഭൂരിപക്ഷ സംരംഭകർക്കും പ്രയോജനം ലഭിക്കില്ല.

(സി) പദ്ധതിയുണ്ട്. ഹോട്ടലുകളുടെയും, ടൂർ ഓപ്പറേറ്റർമാരുടെയും, ട്രാവൽ ഏജന്റുമാരുടേയും, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ആയുർവേദ സെന്ററുകളുടേയും രജിസ്ട്രേഷൻ, ട്രാവൽ ആന്റ് ടൂറിസം കോഴ്സുകൾക്ക് അംഗീകാരം നൽകൽ, ടൂറിസം ഡെവലപ്മെന്റ് അതോറിറ്റികളുടെ രൂപീകരണം എന്നിവയാണ് ഈ നിയമനിർമ്മാണം വഴി ഉദ്ദേശിക്കുന്നത്.

(ഡി) ടൂറിസം രംഗത്ത് ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങളും, ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങളും കണക്കിലെടുത്ത്, 1991-ൽ നിലവിൽവന്ന ആക്ടിൽ കാര്യമായ വ്യതിയാനങ്ങൾ വരുത്തി പരിഷ്കരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനുള്ള കരടുചട്ടങ്ങളും മറ്റും തയ്യാറാക്കി വരുന്നു.

ചെമ്പിലോട് മൃഗാശുപത്രി

87 (136) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെമ്പിലോട് മൃഗാശുപത്രിയിൽ ഒരു ഡോക്ടറുടെ സേവനം സ്ഥിരമായി ലഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ സ്ഥിരമായി ഡോക്ടർ ഇല്ലാതായിട്ട് എത്ര കാലമായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ ഡയറക്ടറുടെ 25.11.99-ലെ ഡി.6. 33076/99 ഉത്തരവനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോ. ഷിബു പി.എം. നെ ചെമ്പിലോട് മൃഗാശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

(സി) ഒരു വർഷമായി സ്ഥിരമായ ഡോക്ടറെ നിയമിച്ചിട്ടില്ല.

സംസ്ഥാനത്തെ ആരോഗ്യമേഖല

88 (137) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യമേഖല പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രികളിൽ ആവശ്യമായ മരുന്നുകളും മറ്റത്യാവശ്യ സാധനങ്ങളും ലഭ്യമാക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) എല്ലാ ആശുപത്രികളിലും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങളുടേയും രോഗികളുടേയും പരാതി പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാവർക്കും ആരോഗ്യം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി രോഗപ്രതിരോധത്തിനും രോഗചികിത്സയ്ക്കും ആരോഗ്യ ബോധ

LIBRARY ARCHIVES Kerala Legislative Assembly